# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2609** **11.10.11-ൽ മറുപടിക്ക്**

**ആലപ്പുഴ വാടപ്പൊഴി പാലത്തിന്റെ നിർമ്മാണം നിലച്ചതിന് പരിഹാര നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ തീരദേശ പാതയുടെ ഭാഗമായി നിർമ്മിക്കുന്ന വാടപ്പൊഴി പാലത്തിന്റെ നിർമ്മാണം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിർമ്മാണം ആരംഭിക്കാൻ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ടി കരാറുകാരനെ കത്തു മുഖേനയും നേരിട്ടും ബന്ധപ്പെട്ടിട്ടുണ്ട്. |
| (ബി) | എന്താണ് നിർമ്മാണം തടസ്സപ്പെടാൻ കാരണം എന്ന് വ്യക്തമാക്കുമോ ; | (ബി) | പാലത്തിന്റെ അപ്രോച്ച് റോഡിന് മുൻ നിശ്ചയ പ്രകാരം ഉദ്ദേശിച്ച സ്ഥലത്ത് സ്ഥലമുടമ ആദ്യം അനുമതി വാക്കാൽ നൽകിയെങ്കിലും പിന്നീട് പിൻതിരിയുകയാണുണ്ടായത്. അതിനാൽ അപ്രോച്ച് റോഡിന്റെ Alignment വ്യത്യാസം വരുത്തി അംഗീകരിക്കാനുണ്ടായ കാലതാമസവും ടി വർക്കിന്റെ കരാറുകാരന് തന്നെ ആലപ്പുഴ ൌണിലെ ഇരുമ്പ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം കോടതി ഉത്തരവു പ്രകാരം ഉടൻ തീർക്കേണ്ട അവസ്ഥ സംജാതമാകുകയും ചെയ്തതിനാൽ വാടപ്പൊഴി പാലത്തിന്റെ നിർമ്മാണം നീണ്ടു പോയി. |
| (സി) | ആലപ്പുഴ ജില്ലാ വികസന സമിതിയിലും അമ്പലപ്പുഴ താലൂക്ക് വികസന സമിതിയിലും ഇക്കാര്യം ഉന്നയിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |

| | |
|---|---|
| (ഡി) പാലത്തിന്റെ നിർമ്മാണത്തിൽ കരാറുകാരന്റെ അലംഭാവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് അറിയിക്കുമോ ? | (ഡി) കരാറുകാരന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിലും പാലത്തിന്റെ മേൽ തട്ടു തീർക്കാനുള്ള കമ്പി പണി മുഴുവനായി തീർത്തിട്ടുണ്ട്. ബാക്കി ജോലികൾ എല്ലാം തന്നെ മൂന്നുമാസത്തിനുള്ളിൽ തീർക്കാമെന്ന് കരാറുകാരൻ ഉറപ്പു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ